(ബി) നിലവിലുണ്ടായിരുന്നതും ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടതുമായ ഭരണസമിതിയെ സർക്കാർ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഏർപ്പെടുത്തുകയുണ്ടായോ ; എങ്കിൽ കാരണമെന്തായിരുന്നു ;

(സി) സംസ്ഥാന സഹകരണ യൂണിയന്റെയും സർക്കിൾ സഹകരണ യൂണിയന്റെയും ഘടനയിലോ പ്രവർത്തനത്തിലോ തെരഞ്ഞെടുപ്പ് രീതിയിലോ എന്തെങ്കിലും മാറ്റം വരുത്തുകയുണ്ടായോ ;

(ഡി) എങ്കിൽ ഈ മാറ്റങ്ങൾ എന്ത് ഉദ്ദേശ്യത്തോടുകൂടിയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) സർക്കിൾ സഹകരണ യൂണിയനുകളിൽ എത്രയെണ്ണത്തിന് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിലുണ്ട്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) സർക്കിൾ സഹകരണ യൂണിയനുകളുടെ തെരഞ്ഞെടുപ്പുനടത്തി യൂണിയനുകൾ രൂപീകരിച്ച് സർക്കാർ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷമേ സംസ്ഥാന സഹകരണ യൂണിയന്റെ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുവാൻ കഴിയുകയുള്ളു. തെരഞ്ഞെടുപ്പിൽ ആശയക്കുഴപ്പത്തിനും തർക്കത്തിനും ഇടയാക്കുന്ന 1969-ലെ കേരള സഹകരണ സംഘം ചട്ടം 128 (1) നുള്ള ദേഗതി നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ കരട് വിജ്ഞാപനം 21-3-2003-ൽ 13201/ബി1/ 2002/ സഹ. നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) നിലവിലുണ്ടായിരുന്ന ഭരണസമിതിയെ പിരിച്ചുവിടുകയുണ്ടായില്ല. നിലവിലുണ്ടായിരുന്ന ഭരണസമിതിക്ക് കാലാവധി നഷ്ടപ്പെട്ടതിനാൽ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുകയാണുണ്ടായത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചിറയിൻകീഴ്, ചേർത്തല എന്നീ രണ്ടു സർക്കിൾ സഹകരണ യൂണിയനുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ നിലവിലുണ്ട്.

കൈത്തറി വികസനത്തിന് ഗവേഷണം

12 (* 719) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ കൈത്തറി രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ഗവേഷണങ്ങൾ നടത്തുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മെച്ചപ്പെട്ട ഉൽപ്പന്നങ്ങളുണ്ടാക്കുക, ആകർഷകമായ ഡിസൈൻ നിർമ്മിക്കുക, കൈത്തറി വസ്ത്രങ്ങളുടെ കലണ്ടറിംഗിലും പ്രിന്റിംഗിലും നൂതന പ്രവണതകൾ ആവിഷ്ക്കരിക്കുക മുതലായ കാര്യങ്ങൾക്ക് ഇന്നുള്ള ഏർപ്പാടെന്തെല്ലാമാണ് ;

(സി) ഇതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) എങ്കിൽ അത് എന്നത്തേക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി : (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) തുണികൾ ചായം മുക്കാനുള്ള പ്രകൃതിദത്തമായ ഡൈ വികസിപ്പിച്ചെടുക്കുന്നതിനും അതു കൈത്തറി വ്യവസായത്തിന് പ്രയോജനപ്പെടുത്തുന്നതിനും സഹായകരമായ ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വീവിംഗ്, ഡൈയിംഗ്, ഡിസൈൻ ഡവലപ്മെന്റ് എന്നീ രംഗങ്ങളിൽ ഉണ്ടായിട്ടുള്ള ഗവേഷണഫലങ്ങൾ നെയ്ത്തുകാർക്കിടയിൽ പ്രചരിപ്പിക്കുന്നതിന് കേന്ദ്ര സ്ഥാപനമായ കണ്ണൂരിലെ വീവേഴ്സ് സർവ്വീസ് സെന്ററിന്റെയും ടെക്സ്റ്റയിൽ കമ്മിറ്റിയിടെയും സേവനം പ്രയോജനപ്പെടുത്തുന്നു. കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്ന ടെക്സ്റ്റയിൽ സെന്റർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സ്കീമിൽ ഗവേഷണങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി& ഡി) പ്രിന്റിംഗ്, കലണ്ടറിംഗ് തുടങ്ങിയ പ്രീലും പ്രോസസ്സിംഗ് അയൽ സംസ്ഥാനങ്ങളിലെ സൗകര്യങ്ങളെ ആശ്രയിച്ചാണ് നടത്തിവരുന്നത്. എന്നാൽ ആകർഷണീയമായ ഡിസൈനുകളിൽ മെച്ചപ്പെട്ട ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, വീവേഴ്സ് സർവ്വീസ് സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽ ടെക്നോളജി, കണ്ണൂർ എന്നീ സ്ഥാപനങ്ങളുടെ സേവനം വിവിധ പദ്ധതികളിലായി ഇപ്പോൾ പ്രയോജനപ്പെടുത്തി തുടങ്ങിയിട്ടുണ്ട്.

ക്ഷേമനിധി പെൻഷനുകൾ കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി

13 (* 720) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളികൾ, കശുവണ്ടി തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ തുടങ്ങിയവരുടെ ജീവിതഭാരം വർദ്ധിച്ചിരിക്കുന്നതിനാൽ പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും മറ്റ് ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോഴത്തെ പെൻഷൻ നിരക്ക് തീരുമാനിച്ചത് ഏത് വർഷത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly